പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1438 22.3.2013-ൽ മറുപടിക്ക്

## കോഴിക്കോട് നഗരസഭയിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) കോഴിക്കോട് നഗരസഭയിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ; | എ) സംയോജിത ഭവന നിർമ്മാണ പദ്ധതി (ഐഎച്ച്എസ്ഡിപി), രാജീവ് ആവാസ് യോജന (ആർഎവൈ), സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്ജെഎസ്ആർവൈ)എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് കോഴിക്കോട് നഗരസഭയിൽ നടപ്പിലാക്കി വരുന്നത്. |
| ബി) ഓരോ പദ്ധതിയ്ക്കും വകയിരുത്തിയ തുകയും പദ്ധതിനിർമ്മാണ കാലാവധിയും വിശദമാക്കുമോ ? | ബി) ഐഎച്ച്എസ്ഡിപി പദ്ധതിക്കായി 7.15 കോടി രൂപയാണ് വകയിരുത്തിരിയിക്കുന്നത്. ആർഎവൈ പദ്ധതിയുടെ കീഴിൽ കോഴിക്കോട് ഉൾപ്പെടെ 5 കോർപ്പറേഷനുകളിലും കണ്ണൂർ മുൻസിപ്പാലിറ്റിയിലും ചേരിരഹിത നഗരാസൂത്രണ കർമ്മ പരിപാടി തയ്യാറാക്കുന്നതിനായി 2.63 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുകയുടെ അലോട്ട്മെന്റ് ആയിട്ടില്ല.<br><br>സംയോജിത ഭവന നിർമ്മാണ പദ്ധതി (ഐഎച്ച്എസ്ഡിപി)യുടെ കാലാവധി 2014 മാർച്ച് ആണ്. രാജീവ് ആവാസ് യോജന(ആർഎവൈ)യുടെ കാലാവധി കേന്ദ്ര സർക്കാർ പരാമർശിച്ചിട്ടില്ല. സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്ജെഎസ്ആർവൈ) ഒരു തുടർ പദ്ധതിയാണ്. |

സെക്ഷൻ ഓഫീസർ